# ദൈവത്തെ ശ്രദ്ധിക്കുന്ന ശീലം വളർത്തിയെടുക്കുക

സാക് പുന്നൻ

WFTW 25 ജനുവരി 2015

ലൂക്കൊസ് 17:26-30ൽ, യേശു നമ്മോടു പറയുന്നത് അന്ത്യനാളുകൾ നോഹയുടെയും ലോത്തിന്റെയും നാളുകൾപോലെ ആകും എന്നാണ്, അന്ന് ആളുകൾ തിന്നുക, കുടിക്കുക, വാങ്ങുക, വിൽക്കുക, നടുക, പണിയുക മുതലായ കാര്യങ്ങൾ ചെയ്തുപോന്നു. ഈ കാര്യങ്ങളൊന്നും അതിൽ തന്നെ പാപകരമല്ല എന്നുള്ള കാര്യം നിങ്ങൾ ശ്രദ്ധിച്ചോ? അതെല്ലാം നിയമാനുസൃതമായ പ്രവൃത്തികളാണ്. പിന്നെ എന്തുകൊണ്ടാണ് യേശു അവയെ ആ പാപകരമായ ദിനങ്ങളുടെ പ്രത്യേകതയായി എടുത്തു പറഞ്ഞിരിക്കുന്നത്? കാരണം, ആ കാലത്തെ ആളുകൾ, ദൈവത്തിനുവേണ്ടി ഒട്ടും തന്നെ സമയം ഇല്ലാത്ത വിധത്തിൽ ഇങ്ങനെയുള്ള നിയമാനുസൃതമായ കാര്യങ്ങളാൽ വ്യാപൃതരായിരുന്നു. ദൈവത്തെ തങ്ങളുടെ ജീവിതങ്ങളിൽ നിന്നു മുഴുവനായും പുറത്തു തള്ളിക്കളയത്തക്ക വിധത്തിൽ അവരെ ആക്കി തീർക്കുന്നതിൽ പിശാചു വിജയിച്ചു. എപ്പോഴും സംഭവിക്കാറുള്ളതുപോലെ ഇതു തീർച്ചയായും സദാചാര ശോഷണത്തിലും ജീർണതയിലും കലാശിച്ചു.

സംഗതികളുടെ ഈ അസ്ഥയെ ഇന്നു നാം ലോകത്തിൽ കാണുന്ന കാര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൃത്യമായി അതേപോലെയുള്ള മനോഭാവവും അതിന്റെ അനന്തരഫലവും നമുക്കു കാണാം. പുരുഷന്മാരും സ്ത്രീകളും എല്ലാം, ദൈവത്തെ ശ്രദ്ധിക്കാൻ ഒട്ടും സമയം ഇല്ലാത്ത വിധത്തിൽ വളരെ തിരക്കിലാണ്. നിങ്ങളുടെ സ്വന്ത ജീവതത്തിലെക്കു തന്നെ നോക്കിയിട്ട് ഇത് സത്യമല്ലേ എന്നു കാണുക. ലോകത്തിന്റെ ഈ അത്മാവ് വിശ്വാസിയുടെ ഹൃദയത്തിലേക്കു തന്നെ കൃത്യമായി നുഴഞ്ഞു കയറിയിരിക്കുന്നു. നമ്മുടെ പൂർവ്വ പിതാക്കന്മാ ർക്കില്ലാതിരുന്ന, സമയ ലാഭം ഉണ്ടാകുന്ന അനേക ഉപകരണങ്ങൾ ശാസ്ത്രം കണ്ടു പിടിച്ചിട്ടുണ്ട്. എന്നിട്ടും മനുഷ്യൻ സമയത്തിനുവേണ്ടി ബദ്ധപ്പെടുന്നതായിട്ടാണ് കാണുന്നത്. പണ്ട് മനുഷ്യർ മൃഗങ്ങളുടെ മേൽ കയറിയോ, അവരുടെ സ്വന്തം പാദങ്ങളിൽ നടന്നോ യാത്ര ചെയ്തിടത്ത് ഇന്ന് നമുക്ക് കാറിലോ, ട്രെയിനിലോ, വിമാനത്തിലോ യാത്ര ചെയ്യാൻ കഴിയും. നമ്മുടെ പൂർവ്വികർ വളരെ നീണ്ട സമയം എടുത്തു ചെയ്ത ദിവസേനയുള്ള ഗൃഹജോലികൾ ഇന്ന് നമുക്കുവേണ്ടി ചെറിയ വീട്ടുപകരണങ്ങളും യന്ത്രങ്ങളും ചെയ്തു തരുന്നു.എന്നിട്ടും ഇന്ന് ദൈവത്തിനുവേണ്ടി ആളുകൾ കണ്ടെത്തുന്നതിനേക്കാൾ വളരെ അധികം സമയം അന്ന് അവരിൽ മിക്കപേരും കണ്ടെത്തിയിരുന്നു. എന്തുകൊണ്ട്? കാരണം അവർക്ക് അവരുടെ മുൻഗണന ശരിയായ വിധത്തിലായിരുന്നു. ഒന്നാമത്തെ കാര്യം അവർ ഒന്നാമതു വച്ചു.

നാം നമ്മുടെ കർത്താവിനുവേണ്ടി ഫലപ്രദമായ സാക്ഷികളാകണമെങ്കിൽ, നാം ഓരോ ദിവസവും അവിടുത്തെ ശബ്ദം ശ്രദ്ധിച്ചുകൊണ്ട് അവിടുത്തെ പാദങ്ങളിൽ ആയിരിക്കണമെന്നത് അനുപേക്ഷണീയമായ കാര്യമാണ്. ദിവസംതോറും ദൈവത്തിന്റെ ശബ്ദം ശ്രദ്ധിക്കുന്ന ഈ ശീലം ഒരിക്കലും വളർത്തി എടുക്കാതെ പ്രസംഗിക്കുവാൻ ആഗ്രഹമുള്ളവർ ഇന്ന് അനേകരാണ്. അതിന്റ ഫലം ദൈവവചനത്തിന്റെ സങ്കടകരമായ ഒരു കുറവും, മാനുഷ വാക്കുകളുടെ അസുഖകരമായ ബഹുലതയുമാണ്. "കർത്താവിന്റെ വചനം അവനോടു കൂടെ ഉണ്ട്'' (2 രാജാ. 3:12) എന്ന് പറയാൻ കഴിയുന്ന പ്രസംഗകരുടെ എണ്ണം ഇന്ന് എത്ര കുറവാണ്. എന്നാലും ബൈബിളിൽ യഥാർത്ഥ ദൈവദാസന്മാരെ തിരിച്ചറിയാനുള്ള അടയാളം ഇതു തന്നെയായിരുന്നു. ആദ്യം ദൈവം തന്നെ പറയുന്നതെന്താണെന്ന് ശ്രദ്ധിച്ചു കേൾക്കാൻ സമയം ചെലവഴിക്കാത്ത ആർക്കും, മറ്റു മനുഷ്യരോടു ദൈവത്തെക്കുറിച്ചു പറയാനുള്ള അവകാശം ഇല്ല ഇതു പരാമർശിക്കുന്നത് വ്യക്തികളോട് സാക്ഷ്യം പറയുന്നതിനെയും അതുപോലെ തന്നെ പരസ്യമായി പ്രസംഗിക്കുന്നതിനെയും ആണ്. മോശെയെക്കുറിച്ചു പറഞ്ഞിരിക്കുന്നത് അവൻ യഹോവയുടെ തിരുസന്നധിയിലേക്കു കയറി പോകുകയും അതിനുശേഷം 'തന്നോടു കല്പിച്ചതു മോശെ പുറത്തു വന്ന് യിസ്രയേൽ മക്കളോട് അറിയിക്കുകയും (പുറ. 34:34)ചെയ്തു എന്നാണ്. യോശുവയോട് പറഞ്ഞത് അവന്റെ ജീവിതം സഫലമാകണമെങ്കിൽ രാവും പകലും ദൈവത്തിന്റെ വചനം ധ്യാനിച്ചുകൊണ്ടിരിക്കണ്ണെന്നാണ് (യോശു. 1:8). ദൈവം പറയുന്നത് കേൾക്കാൻ

ക്ഷമയോടെ കാത്തിരിക്കുകയും അതിനു ശേഷം ജനങ്ങളോടു സംസാരിക്കുകയും ചെയ്ത ഒരു വ്യക്തി എന്ന നിലയിൽ മറ്റൊരു ഉത്തമ മാതൃകയാണ് ശമുവേൽ. അതിന്റെ ഫലമായി "അദ്ദേഹത്തിന്റെ വാക്കുകളിലൊന്നും വ്യർത്ഥമായി പോകുവാൻ യഹോവ ഇടയാക്കിയില്ല'' (1ശമു. 3:19).

യെശ. 50:4ൽ കർത്താവായ യേശുവിനെക്കുറിച്ചുള്ള പ്രവചന പരാമർശത്തിൽ അവിടുത്തെപ്പറ്റി പറഞ്ഞിരിക്കുന്നത് തന്റെ പിതാവിന്റെ ശബ്ദം കേൾക്കുന്നതിന്, അവിടുത്തെ കാതുകൾ ഒരുക്കപ്പെട്ടിരുന്നതുകൊണ്ട് രാവിലെ തോറും കർത്താവ് തന്നോടു സംസാരിക്കുന്നു. അതിന്റെ ഫലം, അതേ വാക്യം നമ്മോടു പറയുന്നതുപോലെ, അവിടുത്തെ സന്നിധിയിൽ ചെല്ലുന്ന എല്ലാവർക്കും അവരുടെ ആവശ്യമനുസരിച്ചു കൊടുക്കുവാൻ ഒരുക്കപ്പെട്ട ഒരു വചനം യേശുവിനുണ്ടായിരുന്നു എന്നതാണ്. അവിടുന്ന് സത്യത്തിൽ പതാവിന്റെ പരിപൂർണ്ണനായ വക്താവായിരുന്നു. യേശുവിനു തന്നെ ദിനംതോറും ദൈവത്തിന്റെ ശബ്ദം ശ്രദ്ധിച്ചു കേൾക്കുന്ന ശീലം ആവശ്യമായിരുന്നെങ്കിൽ, നമുക്ക് അത് എത്ര അധികമായി ആവശ്യമുണ്ട്. ഇവിടെ നാം പരാജയപ്പെട്ടാൽ ആവശ്യത്തിലിരിക്കുന്നവർക്ക് മതിയാകുംവണ്ണം ശുശ്രൂഷ ചെയ്യാൻ നമുക്ക് ഒരിക്കലും കഴിയുകയില്ല. നാം ഒരു ശിഷ്യനെപ്പോലെ കേൾക്കാൻ പഠിച്ചെങ്കിലെ നമുക്ക് ഒരു ശിഷ്യന്റേതുപോലെയുള്ള ഒരു നാവ് ഉണ്ടാകുകയുള്ളു. നിർഭാഗ്യവശാൽ, ഇതിനോടകം മറ്റുള്ളവരെ പഠിപ്പിക്കുവാൻ പ്രാപ്തരാകേണ്ടിയിരുന്ന അനേകരും ഇപ്പോഴും ആത്മീയ ശിശുക്കളായിരിക്കുന്നു. കാരണം അവർ ഒന്നുകിൽ ഈ 'ഒരു കാര്യം' അവഗണിച്ചുകളഞ്ഞു അല്ലെങ്കിൽ ഉപേക്ഷിച്ചു കളഞ്ഞു.

കർത്താവിനെ ശ്രദ്ധിക്കുക എന്നാൽ വേദപുസ്തകം വായിക്കുക എന്നു മാത്രമല്ല അർത്ഥമാക്കുന്നത്. ഒരു പതിവു പരിപാടിയുടെ ഭാഗമായി നിർമ്മലതയോടെ തങ്ങളുടെ വേദപുസ്തകം വായിക്കുന്ന അനേകരുണ്ട്. കർത്താവിനെ ശ്രദ്ധിച്ചു കേൾക്കുക എന്നത് അതിനേക്കാൾ കൂടുതലായ ഒരു കാര്യമാണ്. അവിടുത്തെ സന്ദേശം തന്റെ വചനത്തിലൂടെ നാം പ്രാപിക്കുന്നതു വരെ അതു ധ്യാനിക്കുക എന്നാണ് അതിന്റെ അർത്ഥം. അങ്ങനെ മാത്രമെ നമ്മുടെ മനസ്സ് ക്രിസ്തുവിന്റെ മനസ്സിനോട് അനുരൂപമായി പുതുക്കം പ്രാപിച്ചു വളരുകയുള്ളൂ. എന്നാൽ തങ്ങളുടെ വേദപുസ്തകം വായിക്കുന്ന അനേകരും ഇതുവരെ ഒരിക്കലും അങ്ങനെ ധ്യാനിക്കുവാൻ പഠിച്ചിട്ടില്ല.

മറിയ യേശുവിന്റെ പാദപിഠത്തിൽ ഇരിക്കുന്നതിൽ നിന്ന് കുറഞ്ഞത് മൂന്ന് ആത്മീയ സത്യങ്ങളെങ്കിലും പഠിക്കാനുണ്ട്. ഇരിക്കുക എന്നത് നടപ്പ്, ഓട്ടം, അല്ലെങ്കിൽ നിൽപ്പ് ഇവയെപ്പോലെ അല്ല പ്രാഥമികമായി സ്വസ്ഥതയുടെ ഒരു ചിത്രമാണ്. ഇതു നമ്മെ പഠിപ്പിക്കുന്നത്, ദൈവം നമ്മോടു സംസാരിക്കുന്നതു കേൾക്കാൻ കഴിയുന്നതിനു മുമ്പ്, നമ്മുടെ ഹൃദയം സ്വസ്ഥതയിലായിരിക്കുകയും നമ്മുടെ മനസ്സു നിശ്ചലമായിരിക്കുകയും വേണം. ഏറ്റു പറയാത്ത പാപങ്ങൾ ആദ്യത്തേതിനെ തടയുന്നു. അതേസമയം ഈ ലോകത്തിന്റെ ഉൽക്കണ്ഠയും ധനവുമായി ബന്ധപ്പെട്ട് അമിതാദ്ധ്വാനവും രണ്ടാമത്തേതിന് തടസ്സമാകുന്നു. സധൈര്യമായിരിക്കുമ്പോഴും സുഖകരമല്ലാത്ത ഒരു മനസ്സാക്ഷിയും ആകുല ചിന്തകളോ ഭയമോ നിറഞ്ഞിരിക്കുന്ന ഒരു മനസ്സും ഉള്ള ഒരാളിന് "ദൈവത്തിന്റെ മന്ദമായ ശബ്ദം'' കേൾക്കാമെന്ന് എങ്ങനെ നമുക്കു പ്രതീക്ഷിക്കാൻ കഴിയും. സങ്കീ. 46:10 പറയുന്നത് ദൈവത്തെ അറിയണമെങ്കിൽ നാം നിശ്ചലമായിരിക്കണമെന്നാണ്.

രണ്ടാമത്, ഒരാളിന്റെ പാദത്തിൽ ഇരിക്കുക എന്നത് താഴ്മയുടെ ഒരു ചിത്രം കൂടിയാണ്. യേശു ഇരുന്ന അതേ നിരപ്പിൽ ഉള്ള ഒരു കസേരയിലല്ല മറിയ ഇരുന്നിരുന്നത്. എന്നാൽ അതേ ദൈവം ഒരിക്കലും നിഗളിയായ ഒരു മനുഷ്യനോടു സംസാരിക്കാറില്ല. എന്നാൽ തന്റെ സന്നിധിയിൽ ഒരു ശിശുവിനെപ്പോലെ ആയിരിക്കുന്ന താഴ്മയുള്ള ഒരു ദേഹിയോടു സംസാരിക്കുവാനും തന്റെ കൃപ നൽകുവാനും അവിടുന്ന് സദാ സന്നദ്ധനാണ് (മത്താ. 11:25).

മൂന്നാമതായി, മറിയ ചെയ്തതുപോലെ ഇരിക്കുന്നത് കീഴ്പ്പെടലിന്റെ ഒരു ചിത്രമാണ്. ഇത് തന്റെ ഗുരുവിന്റെ സന്നിധിയിൽ ആയിരിക്കുന്ന ഒരു ശിഷ്യന്റെ മനോഭാവമാണ്. നമ്മുടെ കീഴ്പ്പെടൽ വെളിപ്പെടുന്നത് ദൈവത്തിന്റെ വചനത്തോടുള്ള അനുസരണത്തിലാണ്. ദൈവം തന്റെ വചനത്തിൽ സംസാരിച്ചിരിക്കുന്നത് നമ്മുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്താനോ നമുക്ക് അറിവു നൽകുവാനോ അല്ല. അവിടുത്തെ വചനം തന്റെ ഹൃദയവാഞ്ഛയുടെ ഒരു പ്രകടനം ആണ്. അവിടുന്നു സംസാരിക്കുന്നത് നാം അനുസരിക്കേണ്ടതിനാണ്. നാം

ദൈവഹിതം ചെയ്യുവാൻ മനസ്സുള്ളരാണെങ്കിൽ മാത്രമേ നമുക്ക് ആ തിരുഹിതത്തെക്കുറിച്ച് ഒരു അറിവു പ്രാപിക്കുവാൻ കഴിയുകയുള്ളു എന്നു യോഹ. 7:17ൽ യേശു വ്യക്തമാക്കിയിരിക്കുന്നു.

അനേകം ക്രിസ്ത്യാനികളും ദൈവവചനത്തിലൂടെ ദൈവം അവരോട് സംസാരിക്കുന്നതെന്താണെന്ന് അന്വേഷിക്കാതെ മാസങ്ങളും വർഷങ്ങളും വേദപുസ്തക വയനയിലൂടെ കടന്നു പോകുന്നു. അപ്പോഴും അവർ വളരെ സംതൃപ്തരായി കാണപ്പെടുന്നു. ഞാൻ നിങ്ങളോടു ചോദിക്കുന്നു. നിങ്ങൾ കർത്താവിന്റെ ശബ്ദം ഓരോ ദിവസവും കേൾക്കാറുണ്ടോ? ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ്? തന്നെ ശ്രദ്ധിച്ചു കേൾക്കുന്നവരോട് അവിടുന്നു സംസാരിക്കുന്നു. നിങ്ങളുടെ ആത്മാവിന്റെ ചെവികളെ തടയുന്നത് എന്താണ്? അത് അവിടുത്തെ മുമ്പിൽ മിണ്ടാതെയിരിക്കുന്നതിലുള്ള കുറവാണോ, അതോ ആത്മാവിന്റെ താഴ്മയുടെ കുറവാണോ, അതോ അവിടുന്നു നിന്നോടു നേരത്തേ പറഞ്ഞിട്ടുള്ള കാര്യങ്ങളോടുള്ള അനുസരണത്തിന്റെ കുറവാണോ? അതോ ഒരുപക്ഷേ അതിനുള്ള ആഗ്രഹത്തിന്റെ തന്നെ ഒരു കുറവാണോ? അത് എന്തു തന്നെയായാലും അത് ഉടനെ തന്നെ എന്നേക്കുമായി പരിഹരിക്കാമെന്ന് ദൈവം സമ്മതിച്ചിരിക്കുന്നു. ശമുവേലിന്റെ പ്രാർത്ഥന പ്രാർത്ഥിക്കുക "കർത്താവേ, അരുളി ചെയ്യണമെ അടിയൻ കേൾക്കുന്നു.'' എന്നിട്ടു നിങ്ങളുടെ വേദപുസ്തകം തുറന്ന് ആത്മാർത്ഥമായി കർത്താവിന്റെ മുഖം അന്വേഷിക്കുക, അപ്പോൾ നിങ്ങളും അവിടുത്തെ ശബ്ദം കേൾക്കും.